**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 753** **10-02-2025 - ൽ മറുപടിയ്ക്ക്**

**വയബിലിറ്റി ഗ്യാപ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; തുറമുഖത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം 2024 ഡിസംബർ 3 മുതൽ ആരംഭിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വാണിജ്യാടിസ്ഥാന ത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. 2024 ജൂലൈ 11-ാം തീയതി ട്രയൽ അടിസ്ഥാനത്തിൽ കപ്പലുകൾ തുറമുഖത്തിൽ അടുത്തു തുടങ്ങിയതിനു ശേഷം നാളിതുവരെ തുറമുഖത്തിന്റെ പ്രവർത്തനം വിജയകരമായി പുരോഗമിക്കുകയാണ്. 2024 ഡിസംബർ 25 ന് 100-ാമത്തെ കപ്പൽ തുറമുഖത്തിലടുക്കുകയും ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ തന്നെ 3 ലക്ഷം TEU വിലേറെ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യപ്പെടുകയുമുണ്ടായി. ഇതിലൂടെ 172.54 കോടി രൂപ തുറമുഖ വരുമാനമായും 31.06 കോടി രൂപ നികുതിയിനത്തിലും സർക്കാരിന് ലഭിച്ചു. |
| (ബി) | പ്രസ്തുത തുറമുഖത്തിന് കേന്ദ്ര സർക്കാരിൽനിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഈ ഫണ്ട് പല മടങ്ങായി തിരിച്ചടയ്ക്കണമെന്ന നിബന്ധന നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽ നിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്നാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. വരുമാന വിഹിതത്തിന്റെ 20% തുക ചുവടെപ്പറയുന്ന നിബന്ധനകളിൽ ആദ്യം പൂർത്തിയാകുന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് തിരിച്ചു നൽകേണ്ടതാണെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | • കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് NPV വ്യവസ്ഥയിൽ തിരിച്ചടയ്ക്കണം. OR<br>• കൺസഷൻ കരാർ അവസാനിക്കുന്നത് വരെയോ, ഏതെങ്കിലും കാരണത്താൽ കരാർ റദ്ദായാൽ, റദ്ദാകുന്ന കാലയളവ് വരെയോ തിരിച്ചടയ്ക്കണം. OR<br>• Appointed Date മുതൽ 60 വർഷം പൂർത്തിയാകുന്നതുവരെ എല്ലാ വർഷവും കേരള സർക്കാർ കേന്ദ്ര സർക്കാരിന് തിരിച്ചടവ് നടത്തേണ്ടതാണ്. |
| (സി) | രാജ്യത്തെ മറ്റ് തുറമുഖങ്ങൾക്ക് അനുവദിച്ചിട്ടുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് തിരിച്ചടക്കേണ്ടതില്ലാത്ത സാഹചര്യത്തിൽ കേന്ദ്രനിലപാട് സംസ്ഥാന താൽപര്യത്തിന് വിഘാതമാകുമോ; വിശദീകരിക്കുമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ മാതൃകയിൽ തന്നെ വിഭാവനം ചെയ്തിട്ടുള്ള VOC Tuticorin തുറമുഖത്തിലെ Outer Harbour പദ്ധതിയെ VGF സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് 2023 നവംബറിൽ DEA, in-Principle അംഗീകാരം നൽകിയിരുന്നു. എന്നാൽ, വരുമാന വിഹിതം തിരിച്ചടയ്ക്കണമെന്നുള്ള വ്യവസ്ഥ VOC Tuticorin തുറമുഖ പദ്ധതിക്ക് ബാധകമാക്കിയിരുന്നില്ല.<br><br>എന്നാൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് VGF നൽകുമ്പോൾ ടി തുക NPV വ്യവസ്ഥയിൽ 60 വർഷത്തെ കൺസഷൻ കാലയളവിലുടനീളം സംസ്ഥാന സർക്കാർ തിരിച്ചടക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കേന്ദ്ര സർക്കാരിൽ നിന്നും കൺസഷണയർക്കു നൽകുന്ന 817.80 കോടി രൂപ 60 വർഷ കാലയളവിൽ NPV വ്യവസ്ഥയിൽ സംസ്ഥാന സർക്കാർ തിരിച്ചടക്കുമ്പോൾ സംസ്ഥാനത്തിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനാലും, ഇത്തരത്തിൽ വരുമാന വിഹിതം തിരിച്ചടക്കണമെന്നുള്ള വ്യവസ്ഥ VGF സ്കീമിന്റെ അടിസ്ഥാന തത്വത്തിന് വിരുദ്ധമായതിനാലും തുറമുഖത്തിൽ നിന്നുള്ള സംസ്ഥാന സർക്കാരിന്റെ വരുമാന വിഹിതത്തിലൂടെ VGF തുക കേന്ദ്ര സർക്കാരിന് തിരികെ നൽകണമെന്നുള്ള നിലപാട് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി, കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും പ്രധാന മന്ത്രിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഒറ്റത്തവണ ഗ്രാന്റായി ലഭിക്കേണ്ട തുക മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തിരിച്ചടയ്ക്കണമെന്ന കേന്ദ്രസർക്കാർ നിലപാടിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ? | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് VGF സ്കീമിൽ അന്തിമ അംഗീകാരം നൽകുന്നതിനായി DEA വിലയിരുത്തുന്ന ഘട്ടത്തിൽ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ DEA-ക്ക് 03-07-2019-ന് കത്ത് നല്കിയിട്ടുണ്ടായിരുന്നു. കൂടാതെ, പദ്ധതിയെ |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്ന DEA-യുടെ കീഴിലുള്ള Empowered Institution-ന്റെ 24-11-2020 ൽ നടന്ന യോഗത്തിലും, Empowered Committee-യുടെ 27-06-2022, 27-07-2024 തീയതികളിൽ നടന്ന യോഗങ്ങളിലും VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചു കൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.<br><br>കൂടാതെ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചു കൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു: മുഖ്യമന്ത്രി കേന്ദ്ര ധനമന്ത്രിക്ക് 23-10-2024-നും പ്രധാന മന്ത്രിക്ക് 10-12-2024-നും കത്തുകൾ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ